(ബി) കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ബാങ്കുകൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കിസാൻ ക്രഡിറ്റ് കാർഡ് തുടങ്ങിയ പദ്ധതികൾ പ്രോൽസാഹിച്ചുവരുന്നു. "അനുയോജ്യമായ പ്രദേശങ്ങളിൽ പുഷ്പകൃഷി വികസനം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം രൂപീകൃതമാകുന്നു. ഫ്ളോറിക്കൾച്ചറിസ്റ്റുകളിലെ 2000 പുഷ്പ കർഷകർക്ക് നടീൽ വസ്തുക്കൾ വാങ്ങുന്നതിന് 8% കുറഞ്ഞ പലിശ നിരക്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വായ്പാ സൗകര്യം അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിനും സുഗമമാക്കുന്നതിനായി 'ഫ്ളോറി കാർഡ്' അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൃഷി ഡിപ്പാർട്ടുമെന്റ് നടപടികൾ എടുത്തുവരുന്നു.

(സി) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്ക് ലഭിക്കുന്ന ബാങ്ക് ലോണിന് പലിശ നിരക്കിൽ എത്രമാത്രം കുറവുണ്ടെന്നുള്ള കാര്യം പരിശോധിച്ച് ആ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ കർഷകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് നിയമ നിർമ്മാണം

5 (*365) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിനായി പുതിയ നിയമം നിർമ്മിക്കണമെന്ന് വനംവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാണ് വനം വകുപ്പധികൃതർ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) എന്തുകൊണ്ടാണ് പുതിയ നിയമനിർമ്മാണം ആവശ്യമായി വരുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ നിയമനിർമ്മാണം എന്നത്തേക്ക് നടത്തുമെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ-ഇ) വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. എന്നാൽ നിയമങ്ങളിലെ ചില വകുപ്പുകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

നിക്ഷിപ്തവനഭൂമി സംരക്ഷിക്കുന്നതിന് നടപടി

6 (*366) ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈസ്മെന്റ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആക്ടുപ്രകാരം സർക്കാർ ഏറ്റെടുത്ത വനഭൂമിയിൽ ഏറിയ പങ്കും ഫോറസ്റ്റ് ട്രിബ്യൂണലിന്റെയും ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കാൻ ഉത്തരവായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വനഭൂമിവിട്ടുകൊടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവ വനമായി സംരക്ഷിക്കുന്നതിനും ഓർഡിനൻസ് കൊണ്ടുവരാൻ സർക്കാർ ആലോചിക്കുമോ;

(ഡി) 1971 - ലെ ആക്ടുപ്രകാരം എത്ര ഏക്കർ സ്വകാര്യവനഭൂമി സർക്കാർ ഏറ്റെടുത്തു എന്ന് അറിയിക്കുമോ;

(ഇ) ട്രിബ്യൂണലിന്റെയും കോടതിവിധിയുടേയും അടിസ്ഥാനത്തിൽ എത്ര ഏക്കർ വനഭൂമി കൈവശക്കാർക്ക് വിട്ടുകൊടുക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) സർക്കാർ പ്ലീഡർമാരുടെ വീഴ്ചമൂലമാണ് ഏറിയ പങ്ക് സ്വകാര്യവനഭൂമിയും വിട്ടുകൊടുക്കേണ്ടിവന്നിട്ടുള്ളതെന്ന് അറിയുമോ;

(ജി) വളരെയധികം വിലപിടിപ്പുള്ള വനങ്ങൾ സംരക്ഷിക്കുന്നതിന് ഇവ കൈവശക്കാരിൽനിന്നും ഏറ്റെടുക്കുന്നതിന് ആവശ്യമായ നിയമം കൊണ്ടുവരുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) 1971 -ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈസ്മെന്റ്) ആക്ടുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി സർവേ ചെയ്ത് ജണ്ടകൾ കെട്ടി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. റിസർവുവനത്തിന്റെ പദവി നൽകി കേരള ഫോറസ്റ്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫോറസ്റ്റ് ട്രിബ്യൂണലിന്റെയും ഹൈക്കോടതിയുടേയും വിധികളുടെ അടിസ്ഥാനത്തിൽ ടി ആക്ടു പ്രകാരം ഏറ്റെടുത്ത വനഭൂമിയിൽനിന്നും കുറച്ചുഭാഗം വിട്ടുകൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി&ജി) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) 1971-ലെ ആക്ട് പ്രകാരം 190762.935 ഹെ. സ്വകാര്യവനഭൂമി സർക്കാർ ഏറ്റെടുത്തു.

(ഇ) ട്രിബ്യൂണലിന്റെയും കോടതിവിധിയുടേയും അടിസ്ഥാനത്തിൽ 4631.255 ഹെ. സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്., ഇനി 5350.03 ഹെ. സ്ഥലം വിട്ടുകൊടുക്കേണ്ടതായിട്ടുണ്ട്.

(എഫ്) ഏറിയപങ്ക് സ്വകാര്യ വനഭൂമിവിട്ടുകൊടുക്കേണ്ടിവന്നത് സർക്കാർ പ്ലീഡർമാരുടെ വീഴ്ച മൂലമാണെന്നും പറയാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly